(ഡി) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്തും കോട്ടയം ജില്ലയിൽ ആർപ്പൂക്കര പഞ്ചായത്തിലും.

(ഇ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തിൽ അത് സ്ഥാപിക്കുക എന്നതാണ് സർക്കാർ നയം. മീനങ്ങാടി പഞ്ചായത്തിൽ 16 കിടക്കയും 5 ഡോക്ടർമാരും ഉള്ള സാമൂഹ്യാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

114 (740) ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ അധികാരം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിക്ക് എന്തൊക്കെ അധികാരങ്ങളാണുള്ളത്;

(ബി) എച്ച്.ഡി.സി.യുടെ വരുമാനം അനുസരിച്ച് താൽക്കാലികമായി ജോലിക്കാരെ നിയമിക്കുവാനും എക്സ്റേ ഫിലിം പോലുള്ള അടിയന്തിര പ്രാധാന്യമുള്ള സാധനങ്ങൾ വാങ്ങാനും അധികാരമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) എച്ച്.ഡി.സി.ക്ക് പുതിയ എന്തെങ്കിലും അധികാരം നൽകാൻ ഉദ്ദേശമുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട ഗവൺമെന്റ് സർക്കുലറിന്റേയും ഗവൺമെന്റ് ഉത്തരവിന്റേയും പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) അധികാരമുണ്ട്.

(സി) ഇക്കാര്യം തത്ക്കാലം പരിഗണനയിലില്ല.

115 (741) ആരോഗ്യവകുപ്പിലെ പുതിയ തസ്തികകൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഈ വർഷം എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളുടെ സൃഷ്ടിക്കൽമൂലം എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത സർക്കാരിനുണ്ടാകുന്നുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 1999-2000 സാമ്പത്തിക വർഷത്തിൽ പുതുക്കിയ ദേശീയ ക്ഷയരോഗ പരിപാടിയുടെ പുരോഗതിക്കുവേണ്ടി താഴെപ്പറയുന്ന 19 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly